ഉത്തരം

(എ—സി) 7-4-1995-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 325/95 (41)/ഫിൻ, 27-4-1995-ലെ സർക്കാർ ഉത്തരവ് (എം. എസ്.) നമ്പർ 112/95/ആകുവ. എന്നീ ഉത്തരവുകൾ പ്രകാരം ആരോഗ്യവകുപ്പിൽ സ്പെഷ്യാലിറ്റി കേഡർ സംവിധാനം നടപ്പിലാക്കുന്നതിന് നയപരമായി തീരുമാനിച്ച് ഉത്തരവായി. തുടർന്ന് 28-5-2002-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (എം. എസ്.) നമ്പർ 120/02/ആകുവ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൂറോ അതിൽ കൂടുതലോ കിടക്കകളുള്ള ആശുപത്രികളിലും മറ്റു സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിലും ലഭ്യതയനുസരിച്ച് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിച്ചുവരുന്നു. പാരാമെഡിക്കൽ ജീവനക്കാരുടെ നിയമനം പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്പെഷ്യാലിറ്റി കേഡർ/ അഡ്മിനിസ്ട്രേറ്റീവ് കേഡർ നടപ്പിലാക്കുന്നതിന് ഡോക്ടർമാരുടെ 375 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റി കേഡർ സംബന്ധിച്ച സ്പെഷ്യൽ റൂൾ രൂപീകരണം പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ഇവരുടെ നിയമനം നടത്തുന്നതാണ്.

കാസർഗോഡ് ജില്ലാ ആശുപത്രിയിൽ തസ്തികകൾ അനുവദിക്കൽ

145 [150] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാ ആശുപത്രികളുടെ സ്റ്റാഫ് പാറ്റേൺ പ്രകാരം ഇവിടെ ഏതൊക്കെ തസ്തികകളാണ് അനുവദിക്കേണ്ടതാണെന്നും ഇവയിൽ ഏതൊക്കെ അവിടെ നിലവിലുണ്ടെന്നു വ്യക്തമാക്കുമോ;

(സി) അനുവദിച്ച തസ്തികകളിൽ ഏതൊക്കെ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലാ ആശുപത്രിയിലെ കിടക്കകളുടെ എണ്ണം 400 ആയി വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി)നമ്പർ 3150/61/എച്ച്.ഡി. തീയതി 2-8-1961 പ്രകാരം കിടക്കകളുടെ അടിസ്ഥാനത്തിലാണ് ആശുപത്രികളിൽ ജീവനക്കാരെ അനുവദിക്കുന്നത്. പ്രസ്തുത ഉത്തരവിൻ പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ അനുബന്ധം നമ്പർ 1 ആയും നിലവിലുള്ള തസ്തികകളുടെ വിശദാംശം അനുബന്ധം 2 ആയും ചേർക്കുന്നു. (†)

(സി) അനുവദിച്ച തസ്തികകളിൽ ഒരു അസി. സർജന്റെ തസ്തിക മാത്രമേ ഒഴിഞ്ഞുകിടക്കുന്നുള്ളൂ.

(†) ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly